I/184449/2022

File No.DT/2056/2022-I4

**21.05.2022 –ന് രാവിലെ 10.30 ന് തൈയ്ക്കാട് റസ്റ്റ് ഹൗസിൽ ട്രെയിനിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രിൻസിപ്പാൾ കോൺഫറൻസിന്റെ മിനുട്ട്സ്.**

**(പങ്കെടുത്തവരുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു)**

## അജണ്ട - 1 - ഐ.ടി.ഐ കൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കൽ

**ശ്രീ.നഹാസ്.എം.എസ്, അഡീഷണൽ ഡയറക്ടർ**

ഐ.ടി.ഐകൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കൽ എന്ന അജണ്ടയാണ് ആദ്യമായി ചർച്ച ചെയ്തത്. ഇനിയും സ്വന്തമായി സ്ഥലം ലഭ്യമാകാത്ത ഐ.ടി.ഐകളുടെ ലിസ്റ്റ് സ്ക്രീനിൽ പ്രദർശിപ്പിച്ചു. 2008-ൽ ആരംഭിച്ച ഐ.ടി.ഐ-യ്ക്ക് പോലും സ്വന്തമായി സ്ഥലം ലഭ്യമാക്കാൻ സാധിക്കാത്തത് വകുപ്പിന്റെ മൊത്തത്തിലുള്ള പോരായ്മയായി കണക്കാക്കണം. എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും ഈ വിഷയത്തിൽ വളരെ ഗൗരവമായി ഇടപെട്ട് സ്ഥലം ലഭ്യമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. കത്തിടപാടുകൾ നടത്തിയതുകൊണ്ട് മാത്രം ഒരു പ്രിൻസിപ്പാളിന്റെ ഉത്തരവാദിത്തം പൂർണ്ണമാകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റ് അനുബന്ധ ഓഫീസുകളും നിരന്തരം നേരിട്ട് സന്ദർശനം നടത്തി ഫോളോ അപ് വർക്ക് ചെയ്താൽ മാത്രമേ ഫലം ഉണ്ടാകുകയുള്ളൂ.

**ശ്രീ.ശിവശങ്കരൻ.കെ.പി, അഡീഷണൽ ഡയറക്ടർ-II**

2. 22 ഐ.ടി.ഐകൾക്ക് സ്വന്തമായി സ്ഥലം നേടിയെടുക്കാൻ സാധിക്കാത്തത് ന്യായീകരിക്കാവുന്നതല്ല. വകുപ്പിന്റെ കഴിവുകേടായി മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. പ്രിൻസിപ്പാൾമാർ പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തിയാൽ മാത്രമേ സ്ഥലം ലഭ്യമാകുന്നതിൽ പുരോഗതി ഉണ്ടാവുകയുള്ളൂ.
3. **<u>പ്രിൻസിപ്പാൾ, ഐ.ടി.ഐ നെന്മേനി</u>**:- സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച നടപടി വേഗത്തിലാക്കുന്നതിനായി 2022 ഏപ്രിൽ 10- തീയതി എം.എൽ.എയുമായി മീറ്റിംഗ് കൂടിയിരുന്നു. നിലവിൽ ഐ.ടി.ഐ യ്ക്കായി കണ്ടെത്തിയ സ്ഥലത്തിന് വിവിധ പോരായ്മകളുള്ളതിനാൽ മറ്റൊരു സ്ഥലം കണ്ടെത്തേണ്ടിയിരിക്കുന്നു. പുതിയ സ്ഥലം കണ്ടെത്തുന്നതിനായി എം.എൽ.എ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ പ്രിൻസിപ്പാൾ എന്ന നിലയ്ക്ക് എന്തൊക്കെ നടപടികളാണ് എടുത്തത് എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നതിന് **എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** നിർദ്ദേശം നൽകി.
4. **<u>പ്രിൻസിപ്പാൾ, ഐ.ടി.ഐ ചങ്ങനാശ്ശേരി</u>** :- ഇതുവരെയും സ്ഥലം ലഭ്യമായിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
5. **<u>പ്രിൻസിപ്പാൾ, ഐ.ടി.ഐ ചിത്തിരപുരം :-</u>** സ്ഥലത്തിന്റെ NOC ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വരുന്നു.സ്ഥലമേറ്റെടുപ്പ് പൂർത്തിയാകാൻ എത്ര

സമയം ഇനിയും ആവശ്യമുണ്ടെന്നും ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമോ എന്നും അഡീഷണൽ ഡയറക്ടർ ആരാഞ്ഞു. ഇനിയും സ്ഥലം ലഭ്യമാകാത്ത 22 ഐ.ടി.ഐകളിലെ പ്രിൻസിപ്പാൾമാരും അടുത്ത പ്രവൃത്തി ദിവസം തന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട ഏറ്റവും പുതിയവിവരം അപ്ഡേറ്റ്ചെയ്യുവാൻ നിർദേശിച്ചു.

## അജണ്ട - 2 ഐ.ടി.ഐ കളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

**എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ :-** ഐ.ടി.ഐ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ് പോകുന്നത്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സംശയമുള്ള കാര്യങ്ങൾ സമീപ ഐ.ടി.ഐ കളിലെ പ്രിൻസിപ്പാൾമാരുമായി കൂടി ആലോചിച്ച് ദൂരീകരണം നടത്തുന്നത് നന്നായിരിക്കും. വകുപ്പിലെ 196 വർക്കുകൾ പെന്റിംഗിലാണ്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത കേസുകളുമുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും തടസ്സമുണ്ടാവുകയാണെങ്കിൽ സ്ഥാപന മേധാവികൾ യഥാസമയം പ്രതിവിധികൾ തേടേണ്ടതും പരിഹരിക്കാൻ സാധിക്കുന്നവ ഉടനടി പരിഹരിച്ച് മുന്നോട്ട് പോകേണ്ടതും ട്രെയിനിംഗ് ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതുമാണ്.

**ശ്രീ.ശിവശങ്കരൻ.കെ.പി, അഡീഷണൽ ഡയറക്ടർ-II :-** കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പ്രിൻസിപ്പാൾമാർ കൂടുതൽ ജാഗ്രത പുലർത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**<u>പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) കഴക്കൂട്ടം :-</u>** കെട്ടിട നിർമ്മാണത്തിന്റെ 5.8 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. 4 കോടി രൂപയുടെ വർക്ക് ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ വർക്ക് ആരംഭിക്കുന്നതിന് നിരവധി തടസ്സങ്ങളുണ്ട്.

**<u>പ്രിൻസിപ്പാൾ, ഐ.ടി.ഐ വർക്കല</u>** :- ടെൻഡർ ആയിട്ടില്ല. ഡീറ്റൈൽഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്.

**<u>പ്രിൻസിപ്പാൾ, ഐ.ടി.ഐ പേരാമ്പ്ര</u>** :- ഡീറ്റൈൽഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്.

**<u>പ്രിൻസിപ്പാൾ, ഐ.ടി.ഐ വടകര</u>** :- PWD യിൽ നിന്നും ഡീറ്റൈൽഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. **ശ്രീ.എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- മൂന്ന് മാസത്തിനകം ടെൻഡർ ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

**<u>പ്രിൻസിപ്പാൾ, ഐ.ടി.ഐ ചടയമംഗലം</u>** :- വസ്തു ട്രാൻസ്ഫർ ചെയ്തിട്ട് അഞ്ച് മാസമായി. രണ്ടാഴ്ചയ്ക്കുള്ളിൽ ഫൈനലൈസ് ചെയ്യാം.

**<u>പ്രിൻസിപ്പാൾ, ഐ.ടി.ഐ വെള്ളമുണ്ട</u>** :- PWD യിൽ നിന്നും ഡീറ്റൈൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കി ടെൻഡർ ഫൈനലൈസ് ചെയ്യുന്നതിന് കുറഞ്ഞത് രണ്ട് മാസമെങ്കിലും വേണം.

**ശ്രീ.എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- പ്രിൻസിപ്പാൾമാർ തങ്ങൾ ചെയ്യേണ്ട ജോലി പൂർത്തിയാക്കിയതിനു ശേഷം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും ഏത് വിധത്തിലുള്ള സപ്പോർട്ടാണ് വേണ്ടതെന്ന കാര്യം അറിയിക്കേണ്ടതാണ്. ഈ വിഷയം സ്റ്റാറ്റസ് അയയ്ക്കുന്ന മുറയ്ക്ക് റിമാർക് ആയി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**ശ്രീമതി.സ്റ്റാറി പോൾ, ജോയിന്റ് ഡയറക്ടർ** :- 2021 നവംബറിൽ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിനായി കൂടിയ മീറ്റിംഗിൽ ഉണ്ടായിരുന്ന പെന്റിംഗ് വർക്കുകളുടെ എണ്ണം 2022 മാർച്ച് മാസം നടത്തിയ മീറ്റിംഗിൽ ഗണ്യമായി കുറഞ്ഞത് അഭിനന്ദനാർഹമായ കാര്യമാണ്.

ഭരണാനുമതി കിട്ടിക്കഴിഞ്ഞാൽ മൂന്ന് മാസത്തിനുള്ളിൽ വർക്ക് പൂർത്തിയാക്കുന്നതിന് എല്ലാ സ്ഥാപന മേധാവികളും ശ്രദ്ധിക്കേണ്ടതാണ്. മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ ശേഷം ഉടൻതന്നെ ഒന്നാം ഘട്ട തുക ആവശ്യപ്പെടാവുന്നതാണ്.

പുതിയ 5 ഐ.ടി.ഐകളിൽ ഒരു ഐ.ടി.ഐ-യ്ക്കും ഭൂമി ലഭ്യമായിട്ടില്ല. ഭാഷാന്യൂനപക്ഷ ഐ,ടി.ഐ ആയ ചിത്തിരപുരം ഐ.ടി.ഐ ഈ വർഷം തന്നെ തുക ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മാനദണ്ഡങ്ങൾ അനുസരിച്ച് എസ്റ്റിമേറ്റ് എത്രയും വേഗം തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സോഫ്റ്റ്വെയറായ MIRROR ൽ എല്ലാ ബുധനാഴ്ചയും പുരോഗതി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

**ശ്രീ.ശിവശങ്കരൻ.കെപി, അഡീഷണൽ ഡയറക്ടർ-II**:- നിർമ്മാണ പ്രവർത്തികളുമായി ബന്ധപ്പെട്ട പുരോഗതി ചർച്ച ചെയ്യുന്നതിന് ഒരു separate മീറ്റിംഗ് വിളിക്കേണ്ടതാണ്.

ഭാഷാ ന്യൂനപക്ഷ ഐ.ടി.ഐ ഹെഡ്ഡിലെ തുക പൂർണ്ണമായും വിനിയോഗിക്കുന്നതിന് ടി ഐ.ടി.ഐയിലെ പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കേണ്ടതാണ്.

ചിത്തിരപുരം ഐ.ടി.ഐ ഈ വർഷം തന്നെ ഫണ്ട് യൂട്ടിലൈസ് ചെയ്യണം. ഫണ്ട് യൂട്ടിലൈസ് ചെയ്ത് സ്ഥലം കൈമാറുന്നതിന് നടപടിയെടുക്കേണ്ടതാണ്.

പെന്റിംഗ് പേയ്മെന്റ് പ്രൊപ്പോസലുകൾ വർക്കിംഗ് ഗ്രൂപ്പിൽ വച്ച് sanction വാങ്ങുന്നതിന് പർച്ചയിസ് വിഭാഗം ശ്രദ്ധിക്കേണ്ടതാണ്.

HMT യുമായി ബന്ധപ്പെട്ട സംഭരണനടപടികൾ വേഗത്തിലാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

പെന്റിംഗ് പേയ്മെന്റ് പ്രൊപ്പോസലുകൾ ലിസ്റ്റ്ഔട്ട് ചെയ്ത് എല്ലാ പ്രിൻസിപ്പാൾമാരും അറിയിക്കേണ്ടതാണ്.

## അജണ്ട -3 ഗ്രീൻ ക്യാമ്പസ്

**ശ്രീ.എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- കഴിഞ്ഞ വർഷം 15 ഐ.ടി.ഐകളിൽ ഗ്രീൻ ക്യാമ്പസ് പദ്ധതി നടപ്പിലാക്കിയതിൽ മൂന്ന് വർക്കുകൾ ഇതിനകം പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന വർക്കുകൾ ഈ വർഷം തന്നെ

പൂർത്തീകരിക്കുന്നതിന് എല്ലാ പ്രിൻസിപ്പാൾമാരും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പ്രിൻസിപ്പാൾ, ഐ.ടി.ഐ കോഴിക്കോട്:-** ബന്ധപ്പെട്ട ഏജൻസിയ്ക്ക് വർക്ക് ഓർഡർ നൽകി. 20% അഡ്വാൻസ് നൽകുന്നതിന് ഏജൻസി ആവശ്യപ്പെട്ടിട്ടുണ്ട്.

**ശ്രീ.കെ.പി.ശിവശങ്കരൻ , അഡീഷണൽ ഡയറക്ടർ II** :- അഡ്വാൻസ് നൽകാൻ നിർവ്വാഹമില്ല. പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ വർക്കിനും പേയ്മെന്റ് അനുവദിക്കാവുന്നതാണ്.

**ശ്രീ.എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- ഗ്രീൻ ക്യാമ്പസ് പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നൂതന ആശയങ്ങൾ ഷെയർ ചെയ്യാനുണ്ടെങ്കിൽ പറയുന്നതിന് ആവശ്യപ്പെട്ടു. പ്രിൻസിപ്പാൾമാരിൽ നിന്നും ടി വിഷയത്തിൽ മറുപടി ലഭ്യമായില്ല. ഇത്തരത്തിൽ ഗ്രീൻ ക്യാമ്പസ് പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നൂതന ആശയങ്ങൾ, ബഡ്ജറ്റ് പ്രൊവിഷനിൽ ഒതുങ്ങി നിൽക്കത്തക്ക വിധം അറിയിക്കാനുണ്ടെങ്കിൽ തൊട്ടടുത്ത ദിവസം തന്നെ അറിയിക്കേണ്ടതാണ്.

## അജണ്ട -4 ട്രെയിനിംഗ് മെച്ചപ്പെടുത്തൽ

**ശ്രീ.എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- സിലബസ് റിവിഷൻ ബന്ധപ്പെട്ട് പുറത്ത് വരുന്ന വാർത്തകളിൽ അധികവും വാസ്തവ വിരുദ്ധമാണ്. ഇതുമായി ബന്ധപ്പെട്ട് ചുമതലപ്പെടുത്തിയ കമ്മിറ്റി ഇതുവരെയും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഈ വിഷയത്തിൽ അസന്നിദ്ധമായി ഒരു അറിയിപ്പുണ്ടാകുന്നതുവരെ ഊഹാപോഹങ്ങൾ ഒഴിവാക്കേണ്ടതാണ്.

NSQF പരിശീലന പദ്ധതി നിലവിൽ വന്നതിനാൽ ഇൻസ്ട്രക്ടർമാരുടെ assessment രീതി മാറേണ്ടതാണ്. എല്ലാ സ്ഥാപനങ്ങളിലും NSQF പരിശീലന പദ്ധതി പ്രകാരമാണ് പരിശീലനം നടക്കുന്നതെന്ന് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

**ശ്രീ.സാംരാജ്.എം.എഫ്, ഐ.ടി കോട്ടയം:-** NSQF മായി ബന്ധപ്പെട്ട അനക്സർ-III ഒട്ടുമിക്ക സ്ഥാപനങ്ങളിലും തയ്യാറാക്കുന്നില്ല.

**ശ്രീ.രതീശൻ, ഐ.ടി പാലക്കാട്:-** പല ട്രേഡുകളിലും ഇൻസ്ട്രക്ടേഴ്സ് NSQF പരിശീലന പദ്ധതി പ്രകാരം ട്രെയിനിംഗ് നടത്തുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെർമനന്റ് ഇൻസ്ട്രക്ടേഴ്സും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നുണ്ട്.

**ശ്രീ.ശിവശങ്കരൻ, സെപ്ഷ്യൽ ഓഫീസർ, SUIT, കേരള:-** NSQF പരിശീലന പദ്ധതിയ്ക്ക് ട്രെയിനിംഗ് കൊടുക്കുന്ന ഒരേ ഒരു വകുപ്പാണ് വ്യാവസായിക പരിശീലന വകുപ്പ്. മാസ്റ്റർ ട്രെയിനേഴ്സിന് SUIT-ൽ നിന്നും ട്രെയിനിംഗ് നൽകാറുണ്ട്. പ്രിൻസിപ്പാൾമാർ ഇവരെ പരമാവധി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**ശ്രീ.എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- ഇൻസ്ട്രക്ടർമാർക്ക് Documentation-ന് പ്രത്യേകം ഫണ്ട് അനുവദിക്കാനാവില്ല. വകുപ്പ് പുതുതായി ഡെവലപ്

ചെയ്ത SMILE Portal-ൽ lesson plan, demo plan എന്നിവ തയ്യാറാക്കി വരുന്നുണ്ട്. Documentation വകയിൽ ഫണ്ട് അനുവദിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടറേറ്റിലേയ്ക്ക് പ്രൊപ്പോസൽ അയയ്ക്കേണ്ടതില്ല. ഇത്തരം കാര്യങ്ങൾ ഇൻസ്ട്രക്ടർമാരുടെ വ്യക്തിഗത ചുമതലയിൽപ്പെട്ടതാണ്.

എല്ലാ സ്ഥാപനങ്ങളിലും OJT നിർബ്ബന്ധമായും നടപ്പിലാക്കണം. ഒരു ട്രേഡിലും OJT നടപ്പിലാക്കാൻ സാധിച്ചില്ലെങ്കിൽ ഗ്രൂപ്പ് പ്രോജക്റ്റ് വഴി ആയത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബുക്ക് വാല്യൂ ലഭ്യമല്ലാത്ത ഉപയോഗശൂന്യമായ ഐറ്റങ്ങൾ കണ്ടം ചെയ്യുന്നതിന് ആയവയുടെ മാർക്കറ്റ് വാല്യൂ KFC 21 Form- ൽ രേഖപ്പെടുത്തി ശിപാർശ സമർപ്പിക്കേണ്ടതാണ്.

വ്യാവസായിക പരിശീലന വകുപ്പിലെ വിവിധ ഐ.ടി.ഐകൾ സന്ദർശിച്ചപ്പോൾ ഉപയോഗശൂന്യമായ അനവധി ഉപകരണങ്ങൾ അലക്ഷ്യമായി കൂട്ടംകൂട്ടി ഇട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഐ.ടി.ഐ സന്ദർശിക്കുന്ന പൊതുജനങ്ങളിലും മറ്റും വകുപ്പിനെ സംബന്ധിച്ച അവമതിപ്പ് ഉണ്ടാക്കുന്നതിന് ഇടയാക്കും. ആയതിനാൽ ഇത്തരം ഐറ്റങ്ങൾ അടിയന്തരമായി കണ്ടം ചെയ്ത് ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**പ്രിൻസിപ്പാൾ, ഐ.ടി.ഐ (വനിത) കൊല്ലം** :- കണ്ടം ചെയ്യേണ്ട ഐറ്റങ്ങളുടെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ കണ്ടം ചെയ്യുന്നതിന് സാധ്യമാണോയെന്ന് അന്വേഷിച്ചു. കണ്ടം ചെയ്യേണ്ട ഉപകരണങ്ങളിൽ തികച്ചും ഉപയോഗശൂന്യമായവ എന്ന് ബന്ധപ്പെട്ട കമ്മിറ്റി ശിപാർശ ചെയ്ത ഭാഗങ്ങൾ മാത്രം കണ്ടം ചെയ്യുന്നതിനും ഉപയോഗിക്കാൻ സാധിക്കുന്ന ഭാഗങ്ങൾ തിരികെ സ്റ്റോക്കിലെടുത്ത് ഉപയോഗിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

**ശ്രീ.എം.എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- വാഹനങ്ങൾ കണ്ടം ചെയ്യുന്നതിന് മുമ്പ് ആയവയുടെ ആർ.സി ബുക്ക് സറണ്ടർ ചെയ്യേണ്ടതുണ്ട്. ആർ.സി ബുക്ക് സറണ്ടർ ചെയ്തതിനു ശേഷം മാത്രം കണ്ടംനേഷൻ നടപടികൾ ആരംഭിക്കുന്നതിന് നന്നായിരിക്കും.

**ശ്രീ.കെ.പി.ശിവശങ്കരൻ, അഡീഷണൽ ഡയറക്ടർ-II** :- കണ്ടംനേഷനായി ശിപാർശ സമർപ്പിച്ച ഐറ്റങ്ങൾ T & P register- ൽ വർക്കിംഗ് കണ്ടീഷനിൽ രേഖപ്പെടുത്തിയിരിക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. കേടായ മെഷീനുകൾ നന്നാക്കുന്നതിന് ഇൻസ്ട്രക്ടർമാർ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ എന്ന് ആന്വൽ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുമ്പോൾ ഐ.ടി മാർ ശ്രദ്ധിക്കേണ്ടതാണ്. T & P register പരിശോധിച്ചശേഷം മാത്രം കണ്ടംനേഷൻ ശിപാർശ അയയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**ശ്രീ.എം.എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- IMC Fund ഉപയോഗിച്ച് സംഭരിച്ച ഐറ്റങ്ങൾ കണ്ടം ചെയ്യുന്നതിന് IMC യുടെ അനുമതി ആവശ്യമാണ്. എന്നാൽ കണ്ടംനേഷൻ procedure നിലവിലുള്ള രീതി തുടരേണ്ടതുമാണ്.

**ശ്രീ.സി.രവികുമാർ, ജോയിന്റ് ഡയറക്ടർ, ആർ.ഡി.റ്റി, കണ്ണൂർ:-** കണ്ടംനേഷൻ നടപടികൾക്കായി ഐ.ടി.ഐ ലെവലിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. Battery with stand കണ്ടം ചെയ്യുന്നതിനായി ശിപാർശ സമർപ്പിക്കുമ്പോൾ ബാറ്ററി മാത്രം KFC Form- ൽ ഉൾപ്പെടുത്തുകയും സ്റ്റാന്റ് തുടർ ഉപയോഗത്തിനായി മാറ്റേണ്ടതുമാണ്.

**ശ്രീ.എം.എസ്.നഹാസ് , അഡീഷണൽ ഡയറക്ടർ** :- കമ്പനി സപ്ലൈ ചെയ്തിട്ടുള്ളതും എന്നാൽ വിവിധ കാരണങ്ങളാൽ സ്റ്റോക്കിലെടുത്തിട്ടില്ലാത്തതുമായ ഉപകരണങ്ങൾ തിരികെയെടുത്ത് കൊണ്ടുപോകുന്നതിന് കമ്പനി അധികൃതർ തയ്യാറാകാത്ത പക്ഷം സർക്കാരിലേയ്ക്ക് കണ്ട്കെട്ടുമെന്ന് ഒരു രജിസ്റ്റേർഡ് എ.ഡി കത്ത് എഴുതി acknowledgment വാങ്ങിയശേഷം കമ്പനിയിൽ നിന്നും ഒരു പ്രതികരണവും ഉണ്ടാകാതിരുന്നാൽ ആയവ സ്റ്റോക്കിലെടുത്ത് ഐ.ടി.ഐ ആവശ്യത്തിനായി ഉപയോഗിക്കേണ്ടതാണ്.

ഐ.ടി.ഐകളിൽ ഇൻസ്പെക്ഷൻ നടത്തുന്നത് ട്രെയിനിംഗ് നടപടികൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയാണ്. ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ ഇൻസ്പെക്ഷൻ നടത്തിയശേഷമുള്ള റിപ്പോർട്ട് നിർബ്ബന്ധമായും സമയക്രമം പാലിച്ച് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. പരിഹരിക്കാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ സ്പോട്ടിൽ പരിഹരിക്കുന്നതിന് ഐ.ടി-മാർ ശ്രദ്ധിക്കേണ്ടതാണ്.

ഇൻസ്പെക്ഷൻ രജിസ്റ്റർ എല്ലാ സ്ഥാപനങ്ങളിലും മെയിന്റയിൻ ചെയ്യേണ്ടതാണ്.

**ശ്രീ.രതീശൻ, ഐ.ടി പാലക്കാട്**:-ഇൻസ്പെക്ഷൻ നടത്തിയശേഷം ബോധ്യപ്പെട്ട പല ഗുരുതരമായ കാര്യങ്ങൾ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ യഥാസമയം അറിയിച്ചിട്ടും ഡയറക്ടറേറ്റ് കാര്യാലയത്തിൽ നിന്നും മറുപടി ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ മറുപടി ലഭിക്കാത്ത ശിപാർശകളിൽ ഉടനടി നടപടി സ്വീകരിക്കുമെന്ന് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

**ശ്രീ.സാംരാജ് എം.എഫ്, ഐ.ടി കോട്ടയം** – ചെങ്ങന്നൂർ (വ) ഐ.ടി.ഐ യിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ വന്ന ക്ലാർക്കിന് ചാർജ്ജ് കൊടുക്കാത്തതിനാൽ ഓഫീസ് ഓർഡർ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും നടപടിയുണ്ടായില്ല. ഈ വിഷയത്തിൽ ആവശ്യമായ നടപടി എടുക്കണമെന്ന് ചെങ്ങന്നൂർ (വ) ഐ.ടി.ഐ പ്രിൻസിപ്പാളിന് അഡീഷണൽ ഡയറക്ടർ നിർദ്ദേശം നൽകി.

**ശ്രീ.എം.എസ്. നഹാസ്, അഡീഷണൽ ഡയറക്ടർ** :- ഇൻസ്പെക്ഷൻ നടത്തുന്നത് പരിശീലനത്തിന്റെ മൊത്തത്തിലുള്ള എഫിഷ്യൻസി വർദ്ധിപ്പിക്കാനാണ്. ഐ.ടി.മാരുടെ നിർദ്ദേശങ്ങൾ പ്രിൻസിപ്പാൾമാർ പൂർണ്ണമായും ഉൾക്കൊണ്ട് സഹകരിക്കേണ്ടതാണ്. ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്-മാർ എല്ലാ മാസവും കൃത്യമായി ഇൻസ്പെക്ഷൻ റിപ്പോർട്ട് അയയ്ക്കേണ്ടതാണ്. ഐ.ടി.മാർ ഇൻസ്പെക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന കാര്യങ്ങൾ പ്രിൻസിപ്പാൾമാർ പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

എംപ്ലോയബിലിറ്റി സ്കില്ലിൽ ഇൻസ്ട്രക്ടർ ഇല്ലായെങ്കിൽ സമീപത്തുള്ള ഐ.ടി.ഐകളുമായി ക്ലബ് ചെയ്ത് പരിശീലനം ഉറപ്പാക്കുന്നതിന് പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കേണ്ടതാണ്. എംപ്ലോയബിലിറ്റി സ്കില്ലിന് ഇൻസ്ട്രക്ടർ ഇല്ലാത്തപക്ഷം അടിയന്തിരമായി ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഡി.ജി.റ്റി ഗ്രേഡിംഗ് നടത്തിയപ്പോൾ മൂന്ന് ഗ്രേഡിന് മുകളിൽ നേടിയത് സംസ്ഥാനത്തെ എട്ട് ഐ.ടി.ഐകൾ മാത്രമാണ്. ചെറിയ ഗ്രേഡിംഗ് കിട്ടിയ സ്ഥാപനങ്ങൾ മെച്ചപ്പെടാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്. ഇക്കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിൽ നിന്നും ഒരു നാഷണൽ ടോപ്പർ ഉണ്ടാകാത്തത് എന്ത് കൊണ്ടാണെന്ന് എല്ലാവരും കണ്ടെത്തേണ്ടതുണ്ട്. പരീക്ഷാ നടത്തിപ്പ്, വാല്യുവേഷൻ, കുട്ടികളോടുള്ള സമീപനം എന്നിവ മാറേണ്ടതുണ്ട്. എന്നാൽ മാത്രമേ ട്രെയിനികൾക്ക് അമിത ഭാരം

നൽകുന്ന പ്രവണതയും പരിശീലനം കട്ടപ്പമാകുന്ന അവസ്ഥയും ഒഴിവാക്കേണ്ടതാണ്.

## അജണ്ട -5 പ്രൊഡക്ഷൻ സെന്റർ

**ശ്രീ.എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- Earn While Learn, Hand on Experience എന്നീ ലക്ഷ്യങ്ങളോടെയാണ് പ്രൊഡക്ഷൻ സെന്റർ ആരംഭിച്ചത്. ആദ്യ ഘട്ടം നടപ്പിലാക്കിയ മൂന്ന് സ്ഥാപന മേധാവികളോട് അവരുടെ Success Story ഷെയർ ചെയ്യുന്നതിന് ആവശ്യപ്പെട്ടു.

**പ്രിൻസിപ്പാൾ, ബി.റ്റി.സി,കൊല്ലം** :- ഐ.എം.സി യുടെ സഹായത്തോടെയാണ് സാനിറ്റൈസർ നിർമ്മാണ യൂണിറ്റ് തുടങ്ങിയത്. കോവിഡ് അതിവ്യാപന കാലയളവിൽ സർക്കാർ സ്ഥാപനങ്ങൾക്കും മറ്റ് ഇതര കാര്യാലയങ്ങൾക്ക് സൗജന്യമായും മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിശ്ചിത തുക ഈടാക്കിയും സാനിറ്റൈസർ വിപണനം നടത്തി. ലെമൺ ഗ്രാസ് ഫ്ലേവർ ഉള്ള 250 Ml.ഹാൻഡ് വാഷ് പുതിയ പ്രൊഡക്ടായി അടുത്ത ആഴ്ച തന്നെ ലോഞ്ച് ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. Quality Food Supply ചെയ്യുന്നതിന് വാടകയ്ക്കെടുത്ത കെട്ടിടത്തിൽ ഒരു റസ്റ്റോറന്റ്, മിനറൽ വാട്ടർ പ്ലാന്റ് എന്നിവ തുടങ്ങാനും പദ്ധതിയുണ്ട്.

**പ്രിൻസിപ്പാൾ, ഐ.ടി.ഐ കോഴിക്കോട് (വ)** :- കോഴിക്കോട് (വ) ഐ.ടി.ഐ യിൽ ആരംഭിച്ച ബ്യൂട്ടിപാർലർ കോവിഡ് കാലത്ത് തുടങ്ങിയ സംരംഭമാണ്. കഴിഞ്ഞ വർഷം കോവിഡുമായി ചെറിയൊരു നഷ്ടം സംഭവിച്ചെങ്കിലും ഈ വർഷം നല്ല അവസ്ഥയിലാണുള്ളത്. കൂടുതൽ പുരോഗതി നേടുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ ഫണ്ട് ഉപയോഗിച്ച് ആരംഭിക്കുന്ന ഗാർമെന്റ് മേക്കിംഗ് പ്രൊഡക്ഷൻ സെന്ററിന്റെ ട്രയൽ റൺ നടന്നു വരുന്നു.

**ശ്രീ.സി.രവികുമാർ, ജോയിന്റ് ഡയറക്ടർ, ആർ.ഡി.റ്റി, കണ്ണൂർ:-** അരീക്കോട് ഐ.ടി.ഐയിൽ തുടങ്ങിയ പ്രൊഡക്ഷൻ സെന്ററുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിച്ചു. 2016-ൽ ആരംഭിച്ച കാർപ്പെന്റർ ട്രേഡുമായി ബന്ധപ്പെട്ട പ്രൊഡക്ഷൻ സെന്റർ ഉപയോഗിച്ച് പല മോഡലുകൾ ഉണ്ടാക്കിയിട്ടുണ്ട്. ടി ട്രേഡിലെ ട്രെയിനികൾക്ക് ട്രേഡിൽ കൂടുതൽ അവഗാഹം ലഭിക്കുന്നതിന് അഡ്വാൻസ് മെഷിനറീസ് ഉപയോഗിച്ച് ബാംഗ്ലൂരിൽ ട്രെയിനിംഗ് നൽകി. ട്രെയിനികൾക്ക് കൂടുതൽ ആത്മവിശ്വാസം ലഭിക്കുന്നതിന് ഈ ട്രെയിനിംഗ് ഉപകരിച്ചു. പ്രൊഡക്ഷൻ സെന്ററിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഫർണീച്ചറുകൾക്ക് സർക്കാരിന്റെ ആർ.സി ലഭ്യമായി. ആർ.സി വ്യവസ്ഥയിൽ സർക്കാർ സ്ഥാപനങ്ങൾക്ക് ഈ പ്രൊഡക്ഷൻ സെന്ററിൽ നിന്നും ഫർണീച്ചറുകളും മറ്റും സംഭരിക്കാവുന്നതാണ്.

**ശ്രീ.എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- കഴിഞ്ഞ സാമ്പത്തിക വർഷം അനുമതി നൽകിയ 9 ഐ.ടി.ഐ കളിലെ പ്രൊഡക്ഷൻ സെന്ററിന്റെ പുരോഗതി വിവരം അറിയിക്കുന്നതിന് നിർദ്ദേശം നൽകി.

**പ്രിൻസിപ്പാൾ, ഐ.ടി.ഐ മലമ്പുഴ :-** പ്രൊഡക്ഷൻ സെന്റർ ആരംഭിക്കുന്നതിന്

ഉപകരണ സംഭരണം GeM വഴി നടത്തുന്നതിന് നടപടികൾ ആരംഭിച്ചു. സി.എൻ.സി മെഷീനുകൾ മെയിന്റനൻസ് ചെയ്ത് ഉപയോഗപ്രദമാക്കുന്നതിന് എച്ച്.എം.ടിയുമായി എ.എം.സി യിൽ ഏർപ്പെടുന്നതിനുള്ള അനുമതി ട്രെയിനിംഗ് ഡയറക്ടറേറ്റിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. സർവ്വീസിനു മാത്രമായി ഒരു എ.എം.സി യിൽ ഏർപ്പെടുന്നതിന് അനുമതി നൽകാനാവില്ല എന്ന് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

**പ്രിൻസിപ്പാൾ, ഐ.ടി.ഐ ചെന്നീർക്കര :-** പ്രൊഡക്ഷൻ സെന്റർ ആരംഭിക്കുന്നതിനാവശ്യമായ മെഷീനറി സംഭരണം പൂർത്തിയായി. സ്മോക്ക് ഹൗസ് നിർമ്മിച്ച് പ്രദർശിപ്പിച്ചു. അഞ്ച് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. എന്നാൽ ടാക്സുമായി ബന്ധപ്പെട്ട പ്രശ്നമുള്ളതിനാൽ വില്പന ഇനിയും നടന്നിട്ടില്ല. ട്രെയിനികൾക്ക് ഒരു നല്ല പരിശീലനം ഇതുവഴി സാധ്യമായി.

61. **പ്രിൻസിപ്പാൾ, ഐ.ടി.ഐ കളമശ്ശേരി:-** എം.എം.വി ട്രേഡുമായി ബന്ധപ്പെട്ട് വീൽ അലൈൻമെന്റ്, വീൽ ബാലൻസിംഗ് സെന്റർ തുടങ്ങുന്നതിനാവശ്യമായ ഉപകരണങ്ങളുടെ സംഭരണം പൂർത്തിയാക്കുകയും, ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തു. പ്രൊഡക്ഷൻ സെന്ററുകളിലേയ്ക്കായി പരിശീലനം നേടിയ ട്രെയിനികളുടെ ആവശ്യകതയുണ്ട്. പത്ത് ലക്ഷം രൂപ വരെ വിലയുള്ള വാഹനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. PPO ട്രേഡുമായി ബന്ധപ്പെട്ട് വിവിധ mould-കൾ നിർമ്മിച്ചുവരുന്നു. ഏകദേശം മൂന്ന് ലക്ഷം രൂപ വില വരുന്ന ക്യാപ്പിന്റെ mould കൂടി വാങ്ങാൻ സാധിച്ചാൽ കപ്പികൾ പൂർണ്ണമായി നിർമ്മിച്ച് വിതരണം നടത്താൻ സാധിക്കും.
62. **ശ്രീ.എം.എസ്. നഹാസ്, അഡീഷണൽ ഡയറക്ടർ :-** LED bulb-മായി ബന്ധപ്പെട്ട പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് പല ഐ.ടി.ഐകളിൽ നിന്നും ശിപാർശ അയച്ചതായി കാണുന്നു. ചൈനീസ് കമ്പനികളിൽ നിന്നും ലഭ്യമാകുന്ന വിവിധ പാർട്ടുകൾ assemble ചെയ്താണ് ഇത്തരത്തിൽ LED bulb-കൾ നിർമ്മിച്ചിരുന്നത്. എന്നാൽ ഇപ്പോൾ കേന്ദ്ര സർക്കാർ ചൈനീസ് ഉത്പന്നങ്ങളുടെ ഇറക്കുമതി നിർത്തിവച്ചിരിക്കുന്ന സാഹചര്യത്തിൽ പാർട്ടുകൾ assemble ചെയ്ത് LED bulb-കൾ നിർമ്മിച്ചെടുക്കാൻ സാധിക്കുന്നതല്ല. ആയതിനാൽ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ അംഗീകാരത്തിനായി ശിപാർശ ചെയ്തിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾ മാറ്റുവാനുണ്ടെങ്കിൽ അടിയന്തരമായി ശിപാർശ മാറ്റി അയയ്ക്കേണ്ടതാണ്.
63. **ശ്രീ.കെ.ഗോപാലകൃഷ്ണൻ. ഐ.എ.എസ്, ട്രെയിനിംഗ് ഡയറക്ടർ:-** മിനി ഇൻഡസ്ട്രിയൽ പാർക്ക് എന്ന പേരിൽ ഒരു പുതിയ സംരംഭം ഐ.ടി.ഐകളിൽ ആരംഭിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്. 25 കോടി രൂപയാണ് ഈ ആവശ്യത്തിനായി മാറ്റി വച്ചിരിക്കുന്നത്. നിലവിൽ ഐ.ടി.ഐകളിൽ ഉള്ള പ്രൊഡക്ഷൻ സെന്ററുകളെ അപേക്ഷിച്ച് ഇൻഡസ്ട്രിയൽ പാർക്കുകൾ റൺ ചെയ്യുന്നതും, മാനേജ് ചെയ്യുന്നതും, എക്സ്റ്റേണൽ ഏജൻസി ആയിരിക്കും. ട്രെയിനികൾക്ക് ഇത്തരം ഇൻഡസ്ട്രിയൽ പാർക്കുകളിൽ പ്രാക്ടിക്കൽ പരിശീലനം നേടാൻ സാധിക്കും. ഇത്തരത്തിലുള്ള മൂന്നോ നാലോ മിനി ഇൻഡസ്ട്രിയൽ പാർക്കുകളെങ്കിലും ഈ വർഷം തുടങ്ങുവാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ഒരു ഇൻഡസ്ട്രിയൽ ടീം ഐ.ടി.ഐ കോമ്പൗണ്ടിൽ വന്ന് ബിസിനസ്സ് ചെയ്യുന്ന പദ്ധതിയാണിത്. ഓരോ മിനി ഇൻഡസ്ട്രിയൽ പാർക്കുകൾക്കും മൂന്ന് കോടി രൂപ സർക്കാർ ധനസഹായം ലഭ്യമാകുന്നതാണ്.

എല്ലാ സ്ഥാപന മേധാവികളും ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിൽ യാതൊരുവിധ രാഷ്ട്രീയ ഇടപെടലുകളും ഇല്ലാതെ തികച്ചും സുതാര്യമായ ഒരു പദ്ധതിയാണ്. ട്രെയിനികളുടെ കഴിവുകളെ പരിപോഷിപ്പിക്കുവാൻ ഇത്തരം പദ്ധതികൾക്ക് സാധിക്കുന്നതാണ്.വ്യാവസായിക പരിശീലന വകുപ്പിന്റെ നിലവിലെ quality of education പരിതാപകരമാം വിധം ദയനീയമാണ്. വളരെ താഴ്ന്ന സാമ്പത്തിക അവസ്ഥയിൽ നിന്ന് വരുന്ന ട്രെയിനികളാണ് ഐ.ടി.ഐയിൽ പരിശീലനം നേടുന്നത്. അത്തരക്കാരുടെ ജീവിത നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഐ.ടി.ഐകളിലെ പരിശീലനത്തിന്റെ നിലവാരം കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.

64. പ്രൈവറ്റ് ഐ.ടി.ഐകളുമായി താരതമ്യപ്പെടുത്തുമ്പോൾ സർക്കാർ ഐ.ടി.ഐകളിലെ പഠന നിലവാരം വളരെ മോശമാണെന്ന് വ്യക്തമാക്കുന്നതായിരുന്നു ഈ വർഷം ഡി.ജി.റ്റി നടത്തിയ ഗ്രേഡിംഗിന്റെ റിസൾട്ട്. സർക്കാർ ഫണ്ട് ഉപയോഗിച്ച് അത്യാധുനിക ഉപകരണസംഭരണം നടത്തുകയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഭീമമായ തുക ഈ ആവശ്യത്തിനായി വിനിയോഗിച്ചിട്ടും പരിശീലനത്തിന്റെ നിലവാരം പ്രൈവറ്റ് ഐ.ടി.ഐകളുടേതിനെക്കാൾ താഴേക്ക് പോകുന്നത് എന്തുകൊണ്ടാണെന്ന് എല്ലാവരും വിലയിരുത്തേണ്ടതാണ്. ഗ്രേഡിംഗിൽ താഴേക്ക് പോയ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പോരായ്മകൾ പരിഹരിച്ച് പരിശീലനത്തിന്റെ നിലവാരം ഉയർത്താൻ ശ്രമിക്കേണ്ടതാണ്.

65. ഐ.ടി.ഐയിൽ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ട്രെയിനികൾക്ക് പ്ലേസ്മെന്റ് ഉറപ്പാക്കുക കൂടി വേണ്ടതുണ്ട്.

66. ഐ.ടി.ഐകളിൽ ട്രെയിനികൾ discipline പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

67. വകുപ്പ് നടത്തിവരുന്ന പരിശീലന പദ്ധതികൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും അറിയിക്കേണ്ടതാണ്. ഏറ്റവും നല്ല output ലഭ്യമാക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

68. STRIVE പദ്ധതി വളരെ നല്ല രീതിയിൽ നടപ്പിലാക്കിയതിന് അഭിനന്ദനം അറിയിക്കുന്നു. ചെങ്ങന്നൂർ ഐ.ടി.ഐയിൽ STRIVE-ന്റെ ഭാഗമായി സംഘടിപ്പിച്ച കോഴ്സിൽ പങ്കെടുത്ത 100% ട്രെയിനികൾക്കും പ്ലേസ്മെന്റ് ലഭിച്ചത് തികച്ചും അഭിനന്ദനാർഹമായ കാര്യമാണ്.

69. ഐ.ടി.ഐകളിൽ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന 60% ട്രെയിനികൾക്കെങ്കിലും പ്ലേസ്മെന്റ് നൽകുവാൻ സാധിക്കേണ്ടതുണ്ട്. ഭാവിയിൽ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യാൻ പോകുന്നത് man power ആയതിനാൽ technically skilled -ആയിട്ടുള്ള man power-നെ തയ്യാറാക്കേണ്ടത് രാജ്യത്തിന്റെ മൊത്തത്തിലുള്ള ആവശ്യമാണ്. Employment generation നടത്താൻ സാധിക്കുന്നില്ലാത്ത പക്ഷം അത് വലിയൊരു ദുരന്തത്തിന് വഴിയൊരുക്കുന്നതാണ്.

70. ഗൾഫ് രാജ്യങ്ങളിൽ നിന്നും ജോലി നഷ്ടമായി വരുന്ന പ്രവാസികൾക്ക് technical support നൽകാൻ സാധിക്കുന്ന വിധത്തിലുള്ള ഷോർട്ട് ടേം കോഴ്സുകൾ തുടങ്ങുന്നത് നന്നായിരിക്കും.

71. MIS Portal-ലെ പ്രൊഫൈൽ എല്ലാ സ്ഥാപനമേധാവികളും കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്. MIS Portal-ൽ എന്റർ ചെയ്തിട്ടുള്ള എല്ലാ ഇൻഫർമേഷനും

ശരിയാണെന്ന് സ്ഥാപനമേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

72. നിർമ്മാണ പ്രവർത്തികളിലെ മെല്ലെപ്പോക്ക് ഒഴിവാക്കേണ്ടതാണ്. പെന്റിംഗ് ഉള്ള 109 വർക്കുകളും ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. PWD-യ്ക്ക് പകരം നിർമ്മിതി പോലുള്ള ഏജൻസികൾക്ക് കൂടി വർക്ക് നൽകേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ ഇത് സംബന്ധിച്ച റിവ്യൂ ചോദിക്കുന്നതാണ്.
73. പ്രിൻസിപ്പാൾമാർ സ്ഥലം ഏറ്റെടുക്കുന്നതിന് മുന്നോട്ട് വരണം. പ്രാരംഭ നടപടികൾ പൂർത്തിയാക്കിയശേഷം എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്. ആവശ്യമായ സഹായങ്ങൾ സർക്കാർ തലത്തിൽ നൽകാൻ ശ്രമിക്കുന്നതാണ്.
74. India Skills-ലെ വകുപ്പിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത ട്രെയിനികളുടെ പ്രകടനം അഭിനന്ദനാർഹമാണ്.
75. ഗ്രീൻ ക്യാമ്പസ് പദ്ധതി നടപ്പിലാക്കുമ്പോൾ ഐ.ടി.ഐയിലെ സ്ഥല സൗകര്യം, ട്രെയിനികളുടെ എണ്ണം എന്നിവ കൂടി പരിഗണിക്കേണ്ടതാണ്. കുറച്ച് കുട്ടികൾ പഠിക്കുന്ന ഐ.ടി.ഐകളിൽ വലിയ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പോലുള്ളവ ഒഴിവാക്കേണ്ടതാണ്.
76. Quality education നിർബ്ബന്ധമായും ട്രെയിനികൾക്ക് നൽകേണ്ടതാണ്. ഇപ്പോഴത്തെ പരിശീലനത്തിന്റെ standard മോശമാണെന്ന് പറയാതിരിക്കാനാവില്ല.
77. വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ട് പൂർണ്ണമായും ഉപയോഗിക്കാൻ ശ്രമിക്കേണ്ടതാണ്. ഈ വർഷം 100% expenditure ആക്കാൻ ശ്രമിക്കേണ്ടതാണ്. "Spend the Fund for the right cause" എന്നതായിരിക്കണം നമ്മുടെ ആപ്ത വാക്യം.
78. എല്ലാ സ്ഥാപനങ്ങളിലും ഓഡിറ്റ് ക്വറികൾ ഒരാഴ്ചയ്ക്കുള്ളിൽ clear ചെയ്യേണ്ടതാണ്.
79. India Skills-ലെ പ്രകടനത്തിന് വകുപ്പിലെ ഉദ്യോഗസ്ഥരെ അഭിനന്ദിച്ചു. ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നേരിട്ട് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അറിയിക്കുന്നതിന് ആവശ്യപ്പെട്ടു.
80. **പ്രിൻസിപ്പാൾ, ഐ.ടി.ഐ (വനിത) കണ്ണൂർ** :- അഡ്മിഷൻ criteria-യിൽ കാതലായ മാറ്റം വരുത്തേണ്ടതാണ്. മാർക്ക് അടിസ്ഥാനത്തിൽ മാത്രം അഡ്മിറ്റ് ചെയ്യുന്നതിന് പകരം സ്കിൽ അടിസ്ഥാനത്തിൽ കൂടി ട്രെയിനികൾക്ക് അഡ്മിഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഈ വിഷയത്തിൽ വിശദമായ ഒരു നോട്ട് തയ്യാറാക്കി അയയ്ക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ ആവശ്യപ്പെട്ടു.
81. **പ്രിൻസിപ്പാൾ, ഐ.ടി.ഐ വാമനപുരം** :- പുതിയ തസ്തികകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ അയച്ചിട്ട് മറുപടിയൊന്നും ലഭിച്ചില്ല. 10 ദിവസത്തിനുള്ളിൽ മറുപടി നൽകുന്നതാണെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചു.
82. **ശ്രീ.സാംരാജ്.എം.എഫ്, ഐ.ടി കോട്ടയം** :- എല്ലാ ജില്ലകളിലും ട്രെയിനിംഗ് ഓഫീസേഴ്സ് ഐ.ടി.ഐ വാഹനം ഉപയോഗപ്പെടുത്തി ഇൻസ്റ്റികൾ സന്ദർശിച്ച് സർവ്വെ നടത്തി പ്ലേസ്മെന്റ് കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ വിഷയത്തിൽ വിശദമായ ഒരു നോട്ട് തയ്യാറാക്കി അയയ്ക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ ആവശ്യപ്പെട്ടു.
83. **പ്രിൻസിപ്പാൾ, ഐ.ടി.ഐ (വനിത) കഴക്കൂട്ടം** :- അഡ്മിഷൻ പ്രക്രിയ മാസങ്ങളോളം നീണ്ടുനിൽക്കുന്നതിനാൽ മറ്റ് വർക്കുകളിൽ Concentrate ചെയ്യാൻ

സാധിക്കുന്നില്ല. ഡി.ജി.റ്റി-യിൽ നിന്നും പെട്ടെന്ന് വരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇത്തരത്തിൽ അഡ്മിഷൻ അനുബന്ധ വർക്കുകൾക്കും സമയം ധാരാളം ചെലവാകുന്നതിനാൽ innovative ആയിട്ടുള്ള ഒരു പദ്ധതിയും ഐ.ടി.ഐയിൽ നടപ്പിലാക്കാൻ സാധിക്കുന്നില്ല. നൈപുണ്യകർമ്മസേനയെ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെടുത്തിയാൽ കൂടുതൽ ഫലപ്രദമാകും. ഈ വിഷയത്തിൽ നേരിട്ട് വന്ന് വിവരണം നൽകുകയോ വിശദമായ നോട്ട് തയ്യാറാക്കി ലഭ്യമാക്കുകയോ ചെയ്യാൻ ട്രെയിനിംഗ് ഡയറക്ടർ ആവശ്യപ്പെട്ടു.

84. **പ്രിൻസിപ്പാൾ, ബി.റ്റി.സി കൊല്ലം** :- ഒരു ട്രെയിനിയുടെ പരാതി പരിഹരിക്കുന്നതിന് 13 കത്തുകൾ അയച്ചിട്ടും നടപടി ഉണ്ടായില്ല. ടി ട്രെയിനി നിരന്തരമായി ഐ.ടി.ഐ സന്ദർശിക്കുന്നത് ബുദ്ധിമുട്ടാകുന്നുണ്ട്. ഈ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ട്രേഡ് ടെസ്റ്റ് ഓഫീസർ അറിയിച്ചു.

85. **പ്രിൻസിപ്പാൾ, ഐ.ടി.ഐ ചെങ്ങന്നൂർ** :- പരീക്ഷാ സെന്ററുകൾ അനുവദിക്കുന്നതിന് നടപടി എടുക്കണം. ഈ വിഷയം തീർച്ചയായും പരിഗണിക്കുന്നതാണെന്ന് ട്രേഡ് ടെസ്റ്റ് ഓഫീസർ മറുപടി നൽകി.

## <u>അജണ്ട –6 നൈപുണ്യ കർമ്മ സേന</u>

88. **ശ്രീ.എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- നൈപുണ്യകർമ്മ സേന 78 ഐ.ടി.ഐകളിൽ ഇതിനകം രൂപീകരിച്ചു. 39 ഐ.ടി.ഐകളിൽ ടൂൾസ് വാങ്ങി നൽകി. നിലവിൽ നൈപുണ്യ കർമ്മസേന യൂണിറ്റുകൾ രൂപീകരിച്ച ഐ.ടി.ഐകളിൽ രണ്ടാമതൊരു യൂണിറ്റ് കൂടി ആവശ്യമുണ്ടെങ്കിൽ പ്രൊപ്പോസൽ നൽകേണ്ടതാണ്. 104 യൂണിറ്റ് തുടങ്ങണം എന്നതാണ് ഇപ്പോഴത്തെ ലക്ഷ്യം. പ്ലാൻ ബഡ്ജറ്റിലെ ഫണ്ട് ഉപയോഗപ്പെടുത്തിയുള്ള പദ്ധതിയായതിനാൽ റിവ്യൂ ഉണ്ടാകും. എല്ലാ സ്ഥാപന മേധാവികളും ഓരോ വർഷത്തിലും പൂർത്തിയാക്കിയ വർക്കുകളുടെ കണക്ക് തയ്യാറാക്കേണ്ടതാണ്. നൈപുണ്യ കർമ്മസേനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നൂതന ആശയങ്ങൾ കൈമാറാനുണ്ടെങ്കിൽ പ്രൊപ്പോസലായി നൽകേണ്ടതാണ്.

## <u>അജണ്ട –7 ട്രേഡ് ടെസ്റ്റ്</u>

89. **ശ്രീ.വിനോദ് കുമാർ, റ്റി.റ്റി.ഒ** :- വ്യാവസായിക പരിശീലന വകുപ്പിലെ ട്രേഡ് ടെസ്റ്റുമായി ബന്ധപ്പെട്ട വർക്കുകൾക്ക് ഡി.ജി.റ്റിയിൽ നിന്നും five star rating ലഭ്യമായി. ഇതെല്ലാപേരുടെയും ഒത്തൊരുമയോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. നന്ദി അറിയിക്കുന്നു. ട്രേഡ് ടെസ്റ്റുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ജൂലൈ മാസത്തോടുകൂടി പരിഹരിക്കപ്പെടും എന്ന് പ്രതീക്ഷിക്കുന്നു. EMS Portal-ൽ നിലവിൽ 60 ശതമാനത്തോളം മാത്രമേ എൻട്രി വന്നിട്ടുള്ളൂ. ടി Software എല്ലാ പ്രിൻസിപ്പാൾമാരും കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ട്രാൻസ്ഫർ/പ്രൊമോഷൻ സംബന്ധിയായ എല്ലാ അപ്ഡേറ്റുകളും ടി EMS Portal-ലിൽ രേഖപ്പെടുത്തേണ്ടതാണ്.

90. അഡ്മിഷൻ സമയത്ത് പേര്, ജനന തീയതി, ഫോട്ടോ എന്നിവ കൃത്യമായി അപ്

ലോഡ് ചെയ്യുന്ന പക്ഷം പില്ക്കാലത്ത് വരുന്ന ഒട്ടുമിക്ക പ്രശ്നങ്ങൾക്കും ആയത് പരിഹാരമാകുന്നതാണ്.

91.MIS Portal-ലെ Complaint Tool കൃത്യമായി ഐ.ടി.ഐകൾ ഉപയോഗപ്പെടുത്തണം. Complaint tool-ൽ രജിസ്റ്റർ ചെയ്യുന്ന പരാതികളിൽ മൂന്ന് ദിവസത്തിനകത്ത് open complaint-ൽ ക്ലിക്ക് ചെയ്ത് കഴിഞ്ഞാൽ solution ലഭ്യമാകുന്നതാണ്. ടി solution തൃപ്തികരമല്ലെങ്കിൽ ടി വിവരം ഒരിക്കൽക്കൂടി രേഖപ്പെടുത്തി submit ചെയ്യേണ്ടതാണ്. തൃപ്തികരമായ മറുപടി ലഭ്യമാകുന്നതുവരെ ഈ പ്രക്രിയ തുടരേണ്ടതാണ്.

92.എല്ലാ ഐ.ടി.ഐകളിലും CBT Examination centre, set up ചെയ്യേണ്ടതാണ്.

93.NCVT MIS Portal-ലെ ഡാഷ് ബോർഡ് എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും വീക്ഷിക്കേണ്ടതാണ്. എല്ലാ ട്രെയിനികൾക്കും MIS പോർട്ടൽ സംബന്ധിച്ച് ബോധവത്കരണം നടത്തേണ്ടതാണ്. ഇതിനായി ഇൻസ്ട്രക്ടർമാർക്ക് എം.ഐ.എസ് പോർട്ടൽ സംബന്ധിച്ച അറിവ് നൽകേണ്ടതാണ്.

94.എം.ഐ.എസ് പോർട്ടൽ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ grievance-ൽ ക്ലിക്ക് ചെയ്ത് സബ്മിറ്റ് ചെയ്യണം. ഡി.ജി.റ്റി സർവ്വീസ് ഹെൽപ്പ് ഡെസ്കിൽ വിസിറ്റ് ചെയ്ത് complaint രജിസ്റ്റർ ചെയ്യാവുന്നതാണ്.

95.MIS Portal-ലെ ടിക്കറ്റ് ടൂൾ എല്ലാവരും ഉപയോഗപ്പെടുത്തണം. Result sheet, template (excel & pdf), copy of contract and stipend തുടങ്ങിയ രേഖകൾ നൽകിയാൽ മാത്രമേ ഡി.ജി.റ്റിയിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാവുകയുള്ളൂ.

96.**ശ്രീമതി.മിനി മാത്യൂ, ഡി.ഡി.റ്റി** :- നോഡൽ, സബ് നോഡൽ ഐ.ടി.ഐകൾ മുഖേന മാത്രമേ പരാതികൾ അയയ്ക്കുവാൻ പാടുള്ളൂ. നേരിട്ട് പരാതികൾ അയയ്ക്കാൻ പാടുള്ളതല്ല. പരീക്ഷാ ഡ്യൂട്ടിയ്ക്കിടുന്ന ഉദ്യോഗസ്ഥരെ മാറ്റുന്നതിന് ആവശ്യപ്പെടുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. MIS Portal സംബന്ധിച്ച awareness ഐ.ടി.ഐയിലെ ഉദ്യോഗസ്ഥർക്കും ട്രെയിനികൾക്കും ഉണ്ടായിരിക്കേണ്ടതാണ്.

## <u>ഉപസംഹാരം</u>

97.**ശ്രീ.എം. എസ്. നഹാസ് , അഡീഷണൽ ഡയറക്ടർ** :- ഐ.ടി.ഐ പരിസരവും മറ്റും വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ബഹു.ട്രെയിനിംഗ് ഡയറക്ടർ അറിയിച്ച വിവരം ശ്രദ്ധയിൽപ്പെടുത്തി. പേപ്പറും മെറ്റീരിയലും അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്ന കാഴ്ച ഒരു ഐ.ടി.ഐ പരിസരത്തിലും കാണാൻ പാടുള്ളതല്ല.

98.ഓഡിറ്റ് ക്വറികൾക്കുള്ള മറുപടി സമയബന്ധിതമായി ചെയ്യേണ്ടതാണ്.

99.ഷിഫ്റ്റിംഗുമായി ബന്ധപ്പെട്ട വിവരങ്ങൾ അഫിലിയേഷൻ സെക്ഷനിൽ കൂടി അറിയിക്കേണ്ടതാണ്.

100.SMILE പോർട്ടലിൽ ആകെയുള്ള 76 ട്രേഡുകളിൽ 10 ട്രേഡുകളുമായി ബന്ധപ്പെട്ട കണ്ടന്റ് മാത്രമേ ലഭ്യമായിട്ടുള്ളൂ. മറ്റ് ട്രേഡുകളിൽ കൂടി കണ്ടന്റ് ലഭ്യമാക്കുന്നതിന് എല്ലാവരും സഹകരിക്കേണ്ടതാണ്. എല്ലാ പ്രിൻസിപ്പാൾമാരും SMILE Portal സന്ദർശിക്കേണ്ടതാണ്.

യോഗം 5.15 പി.എം-ന് അവസാനിച്ചു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീമതി.ബിന്ദു.ജെ.എസ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) നന്ദി രേഖപ്പെടുത്തി.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി.

<u>മീറ്റിംഗിൽ പങ്കെടുത്തവർ</u>

1. ശ്രീ..നഹാസ്.എം.എസ് അഡീഷണൽ ഡയറക്ടർ
2. ശ്രീ.ശിവശങ്കരൻ.കെ.പി, അഡീഷണൽ ഡയറക്ടർ-II
3. ശ്രീ.മനേക്ഷ് പ്രസാദ്.ഡി, എ.എസ്.പി.ഡി
4. ശ്രീമതി.സ്റ്റാറി പോൾ, ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്
5. ശ്രീമതി.സുജാത.എസ്, ജോയിന്റ് ഡയറക്ടർ (എസ്.എ.എം.സി)
6. ശ്രീമതി.ഷൈനി.വി.എൻ, സീനിയർ ഫിനാൻസ് ഓഫീസർ
7. ശ്രീമതി.ഹസീന.പി.എസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
8. ശ്രീമതി.ബിന്ദു.ജെ.എസ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്)
9. ശ്രീമതി.മിനി മാത്യൂ, ഡി.ഡി (ട്രെയിനിംഗ്)

10. ശ്രീ.സതീശൻ, അക്കൗണ്ട്സ് ഓഫീസർ-I
11. ശ്രീമതി.പ്രീത, അക്കൗണ്ട്സ് ഓഫീസർ-II
12. ശ്രീ.സാം രാജ് . എം എഫ് ഐ ടി , കോട്ടയം
13. ശ്രീ. സി രതിശൻ, ഐ ടി , പാലക്കാട്
14. ശ്രീ.ജോസ് വർഗീസ്, ഐ ടി , കോഴിക്കോട്
15. ശ്രീ. എസ്. രജി , സീനിയർ സൂപ്രണ്ട് , ട്രെയിനിംഗ് ഡയറക്ടറേറ്റ്
16. ശ്രീ. അജികുമാർ, റ്റി എൽ , സീനിയർ സൂപ്രണ്ട് , ട്രെയിനിംഗ് ഡയറക്ടറേറ്റ്
17. ശ്രീമതി. റീന കെ റസ്സൽ,സീനിയർ സൂപ്രണ്ട് , ട്രെയിനിംഗ് ഡയറക്ടറേറ്റ്
18. ശ്രീ. സുനിൽകുമാർ , കെ വി , ജൂനിയർ സൂപ്രണ്ട് , ട്രെയിനിംഗ് ഡയറക്ടറേറ്റ്
19. ശ്രീ. ബിജുകുമാർ,എസ്, ജൂനിയർ സൂപ്രണ്ട് , ട്രെയിനിംഗ് ഡയറക്ടറേറ്റ്
20. ശ്രീ. ആർ. ഹരികുമാർ,ജൂനിയർ സൂപ്രണ്ട് , ട്രെയിനിംഗ് ഡയറക്ടറേറ്റ്
21. ശ്രീ. കെ. അജികുമാർ, സീനിയർ ക്ലാർക്ക് ട്രെയിനിംഗ് ഡയറക്ടറേറ്റ്
22. ശ്രീ.സമീർ.എസ് ,ക്ലാർക്ക് ,ട്രെയിനിംഗ് ഡയറക്ടറേറ്റ്
23. ശ്രീ. അനീഷ്, എസ് ആർ , ക്ലാർക്ക് ,ട്രെയിനിംഗ് ഡയറക്ടറേറ്റ്
24. ശ്രീ. ശ്രീരാജ് , എസ് കെ , ക്ലാർക്ക് ,ട്രെയിനിംഗ് ഡയറക്ടറേറ്റ്
25. ശ്രീ.ഷമ്മി ബെക്കർ, എ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചാക്ക
26. ശ്രീമതി.ജയശ്രീ അയ്യർ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ധനുവച്ചപുരം
27. ശ്രീ.സുധാശങ്കർ.ആർ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ആറ്റിങ്ങൽ
28. ശ്രീ.സജീവ്.വി,  പ്രിൻസിപ്പാൾ, ഐ.ടി.ഐ ചന്ദനത്തോപ്പ്
29. ശ്രീ.സനൽകുമാർ.പി, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചെന്നീർക്കര
30. ശ്രീമതി.മിനി.എൽ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചെങ്ങന്നൂർ
31. ശ്രീമതി.സൂസി ആന്റണി, പ്രിൻസിപ്പാൾ, ഐ.ടി.ഐ ഏറ്റുമാനൂർ
32. ശ്രീ.ആൽബർട്ട്.പി.ജെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ പള്ളിയ്ക്കത്തോട്
33. ശ്രീമതി.ആനി സ്റ്റെല്ല ഐസക്, പ്രിൻസിപ്പാൾ ക്ലാസ്സ്, ഐ.ടി.ഐ കട്ടപ്പന
34. ശ്രീ.രഘുനാഥൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കളമശ്ശേരി
35. ശ്രീ.രാജേഷ്.വി.ചന്ദ്രൻ, പ്രിൻസിപ്പാൾ ( I/C), ഐ.ടി.ഐ ചാലക്കുടി
36. ശ്രീമതി..അജിത.കെ.സി, പ്രിൻസിപ്പാൾ, ഐ.ടി.ഐ മലമ്പുഴ
37. ശ്രീ.ശ്രീനാഥ്.കെ, വൈസ് പ്രിൻസിപ്പാൾ, ഐ.ടി.ഐ അരീക്കോട്
38. ശ്രീ.ബാലകൃഷ്ണൻ.എം.എ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കോഴിക്കോട്
39. ശ്രീ.സയ്യദലികോയ തങ്ങൾ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കൽപ്പറ്റ
40. ശ്രീ.മനോജ് കുമാർ.റ്റി, പ്രിൻസിപ്പാൾ, ഐ.ടി.ഐ കണ്ണൂർ
41. ശ്രീ.സജിമോൻ കുഴൽനാടൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കാസറഗോഡ്
42. ശ്രീ.മൊയ്തീൻകുട്ടി.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) കഴക്കൂട്ടം
43. ശ്രീ.അജയ്കുമാർ.ജി, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) കൊല്ലം
44. ശ്രീ.സന്തോഷ്കുമാർ.എൻ, പ്രിൻസിപ്പാൾ (i/c), ഐ.ടി.ഐ (വ) കോഴിക്കോട്
45. ശ്രീ.ജയപ്രകാശൻ.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കയ്യൂർ
46. ശ്രീ.ശിവരാജ്.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) പാറശ്ശാല
47. ശ്രീ.ദിലീപൻ.ബി.എസ്, പ്രിൻസിപ്പാൾ, ഐ.ടി.ഐ മലയിൻകീഴ്
48. ശ്രീ.അനിൽകുമാർ.റ്റി, പ്രിൻസിപ്പാൾ, ഐ.ടി.ഐ വാമനപുരം
49. ശ്രീമതി.സഗീത.റ്റി.കെ, പ്രിൻസിപ്പാൾ,  ഐ.ടി.ഐ വർക്കല

50. ശ്രീ.സുരേഷ്കുമാർ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ആര്യനാട്
51. ശ്രീ.സുരേഷ്കുമാർ.എം, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചാത്തന്നൂർ
52. ശ്രീമതി.സജിത.പി, പ്രിൻസിപ്പാൾ, ഐ.ടി.ഐ ഇളമാട്
53. ശ്രീ.ടെന്നിസൺ.എൻ, പ്രിൻസിപ്പാൾ, ബി.റ്റി.സി കൊല്ലം
54. ശ്രീ.അനിൽകുമാർ.എസ്, പ്രിൻസിപ്പാൾ, ഐ.ടി.ഐ തേവലക്കര
55. ശ്രീ.അജയഘോഷ്.സി.വി, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചടയമംഗലം
56. ശ്രീമതി.അനില.എം.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കൊട്ടാരക്കര
57. ശ്രീ.ആംസ്റ്റോങ്.എ, പ്രിൻസിപ്പാൾ, ഐ.ടി.ഐ മയ്യനാട്
58. ശ്രീ.ഹാഷിം.എം.എൽ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കുളത്തൂപ്പുഴ
59. ശ്രീ.ജയചന്ദ്രൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ പോരുവഴി
60. ശ്രീ.വിശ്വനാഥൻ.സി.എ, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) മെഴുവേലി
61. ശ്രീ.മധുശീലനൻ.ജി, പ്രിൻസിപ്പാൾ, ഐ.ടി.ഐ റാന്നി
62. ശ്രീ.അരുൺ കുമാർ.വി, പ്രിൻസിപ്പാൾ, ഐ.ടി.ഐ കായംകുളം
63. ശ്രീ.ബേബി ജോസഫ്, പ്രിൻസിപ്പാൾ, ഐ.ടി.ഐ പള്ളിപ്പാട്
64. ശ്രീ.അജിത്കുമാർ, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) ചെങ്ങന്നൂർ
65. ശ്രീ.ബേബി ജോൺ, പ്രിൻസിപ്പാൾ (ഇൻ ചാർജ്ജ്), ഐ.ടി.ഐ പുറക്കാട്
66. ശ്രീമതി.വിജിമോൾ, പ്രിൻസിപ്പാൾ, ഐ.ടി.ഐ വയലാർ
67. ശ്രീ.സുമേഷ്.എം.വി, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) ചങ്ങനാശ്ശേരി
68. ശ്രീമതി.ജയശ്രീ.സി.ജി, പ്രിൻസിപ്പാൾ, ഐ.ടി.ഐ തിരുവാർപ്പ്
69. ശ്രീമതി.അനില നൈനാൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ പെരുവ
70. ശ്രീ.സതീഷ് കുമാർ.എൻ.എസ്, പ്രിൻസിപ്പാൾ, ഐ.ടി.ഐ രാജാക്കാട്
71. ശ്രീ.ശ്രീജിത്ത്.എം.ജി, പ്രിൻസിപ്പാൾ, ഐ.ടി.ഐ കഞ്ഞിക്കുഴി
72. ശ്രീമതി.ശാന്തി.സി.എസ്, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചിത്തിരപുരം
73. ശ്രീ.ഷാന്റി.സി.എസ്, പ്രിൻസിപ്പാൾ, ഐ.ടി.ഐ ഏലപ്പാറ
74. ശ്രീ.കുര്യാക്കോസ്.പി.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കരുണാപുരം
75. ശ്രീമതി.സീത.എ.എൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ മണീട്
76. ശ്രീ.ഷൈൻ കുമാർ.ജി, പ്രിൻസിപ്പാൾ, ഐ.ടി.ഐ ആരക്കുഴ
77. ശ്രീമതി.അനിത.കെ.സി, പ്രിൻസിപ്പാൾ, ഐ.ടി.ഐ മരട്
78. ശ്രീ.രാജേഷ്.എ, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) കളമശ്ശേരി
79. ശ്രീ.സിന്ധുപോൾ, പ്രിൻസിപ്പാൾ, ഐ.ടി.ഐ വേങ്ങൂർ
80. ശ്രീ.കൃഷ്ണൻ നമ്പൂതിരി.പി.എസ്, പ്രിൻസിപ്പാൾ, ഐ.ടി.ഐ ഊറവൂർ
81. ശ്രീമതി.സരസ്വതി.കെ.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ഏറിയാട്
82. ശ്രീമതി.ജീന.കൃ.എൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ മാള
83. ശ്രീ.സെബാസ്റ്റ്യൻ.പി.എ, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) ചാലക്കുടി
84. ശ്രീ.ജയകുമാർ.വി, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചേർപ്പ്
85. ശ്രീ.സൗജ.എം.എ, പ്രിൻസിപ്പാൾ, ഐ.ടി.ഐ മണലൂർ
86. ശ്രീ.ഷാജു.കെ.പി, പ്രിൻസിപ്പാൾ, ഐ.ടി.ഐ ദേശമംഗലം
87. ശ്രീ.അജിമോൻ.എ.ബി, പ്രിൻസിപ്പാൾ, ഐ.ടി.ഐ നെന്മാറ
88. ശ്രീമതി.ലതിക.പി, പ്രിൻസിപ്പാൾ, ഐ.ടി.ഐ കുഴൽമന്ദം
89. ഡോ.എസ്.ആർ.സജീവ്, പ്രിൻസിപ്പാൾ, ഐ.ടി.ഐ വാണിയംകുളം

90.ശ്രീ.നാസർ.എ, പ്രിൻസിപ്പാൾ, ഐ.ടി.ഐ(വ) മലമ്പുഴ
91.ശ്രീ.ജോൺസൺ മാത്യൂ, പ്രിൻസിപ്പാൾ, ഐ.ടി.ഐ അട്ടപ്പാടി
92.ശ്രീമതി.രമാദേവി.സി.എൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ എലപ്പുള്ളി
93.ശ്രീ.സുരേഷ്കുമാർ.ആർ, പ്രിൻസിപ്പാൾ, ഐ.ടി.ഐ പെരുമാട്ടി
94.ശ്രീ.ഷാജി.എം.ആർ, പ്രിൻസിപ്പാൾ, ഐ.ടി.ഐ മാറഞ്ചേരി
95.ശ്രീ.സുനിൽകുമാർ.കെ.ആർ, പ്രിൻസിപ്പാൾ, ഐ.ടി.ഐ പുഴക്കാട്ടിരി
96.ശ്രീമതി.ശാലിനി.ആർ.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചെറിയമുണ്ടം
97.ശ്രീ.അഹമ്മദുൾ കബീർ.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) താഴേക്കോട്
98.ശ്രീ.വേണുഗോപാൽ.പി.സി, പ്രിൻസിപ്പാൾ, ഐ.ടി.ഐ നിലമ്പൂർ
99.ശ്രീ.മുഹമ്മദലി.കെ.പി, പ്രിൻസിപ്പാൾ, ഐ.ടി.ഐ വാഴക്കാട്
100.ശ്രീ.അനന്ദകുമാർ,വി.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ബേപ്പൂർ
101.ശ്രീ.അബ്ദുൾ ഹമീദ്.എൻ.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ തിരുവമ്പാടി
102.ശ്രീ.പ്രമോദ്കുമാർ.പി, പ്രിൻസിപ്പാൾ, ഐ.ടി.ഐ കൊയിലാണ്ടി
103.ശ്രീ.സഞ്ജയ്.എം, പ്രിൻസിപ്പാൾ, ഐ.ടി.ഐ മണിയൂർ
104.ശ്രീ.അശോകൻ.പി, പ്രിൻസിപ്പാൾ, ഐ.ടി.ഐ വടകര
105.ശ്രീമതി.സ്നേഹലത.ആർ, പ്രിൻസിപ്പാൾ, ഐ.ടി.ഐ വളയം
106.ശ്രീ.ഗോപകുമാർ.സി, പ്രിൻസിപ്പാൾ, ഐ.ടി.ഐ കൊടുവള്ളി
107.ശ്രീ.രമേഷ്.വി, പ്രിൻസിപ്പാൾ, ഐ.ടി.ഐ നരിപ്പറ്റ
108.ശ്രീ.അജിത്കുമാർ.വി.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ പേരാമ്പ്ര
109.ശ്രീ.മധു.റ്റി.വി, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചാത്തമംഗലം
110.ശ്രീമതി.ഗാർവാഡിസ് പോൾ, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) നെന്മേനി
111.ശ്രീ.ആന്റോ.കെ.എൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ വെള്ളമുണ്ട
112.ശ്രീ.സനിൽകുമാർ പേളപ്ഷി , പ്രിൻസിപ്പാൾ, ഐ.ടി.ഐ പേരാവൂർ
113.ശ്രീ.വത്സൻ.എം.പി, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) കണ്ണൂർ
114.ശ്രീ.ബജു .ജി, പ്രിൻസിപ്പാൾ, ഐ.ടി.ഐ കുറുമാത്തൂർ
115.ശ്രീ.മുഹമ്മദ് അഷ്റഫ്.ഇ.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ മാടായി
116.ശ്രീ.ഷൈ ബ ജ ൺ, പ്രിൻസിപ്പാൾ, ഐ.ടി.ഐ പോരിങ്ങോം
117.ശ്രീ.ഗ ശ ധരൻ ച ക്കയൻ , പ്രിൻസിപ്പാൾ, ഐ.ടി.ഐ കൂത്തുപറമ്പ്

118.ശ്രീ.സുഗേഷ്.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ പിണറായി
119.ശ്രീ.പവനൻ പുത്തൻപുരയിൽ, പ്രിൻസിപ്പാൾ, ഐ.ടി.ഐ പടിയൂർ
120.ശ്രീ.ജയപ്രകാശൻ.കെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കയ്യൂർ
121.ശ്രീ.പോൾസൺ.ഐ.പി, പ്രിൻസിപ്പാൾ, ഐ.ടി.ഐ മടിക്കൈ
122.ശ്രീമതി.സിന്ധു.എ.പി, പ്രിൻസിപ്പാൾ, ഐ.ടി.ഐ (വ) വെസ്റ്റ് എളേരി
123.ശ്രീ.രാജേഷ്.എ.വി, പ്രിൻസിപ്പാൾ, ഐ.ടി.ഐ പുല്ലൂർ
124.ശ്രീ.സജിമോൻ മുണ്ടാടൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കാസർഗോഡ്
125.ശ്രീമതി.സിനി.എം.മാത്യു, പ്രിൻസിപ്പാൾ, ഐ.ടി.ഐ സീതാംഗോളി
126.ശ്രീമതി.ജയ.റ്റി.ജെ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കോടോം–ബേളൂർ
127.ശ്രീ.അനിൽകുമാർ.സി, പ്രിൻസിപ്പാൾ, ഐ.ടി.ഐ കുറ്റിക്കോൽ
128.ശ്രീ.മധു.റ്റി.പി, പ്രിൻസിപ്പാൾ, ഐ.ടി.ഐ പീലിക്കോട്